# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/244/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 04/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/244/2022 തീയ്യതി: 04/05/2022

## കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2021 മുതൽ 02-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 22-03-2021 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 03-02-2022 | 11-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-02-2022 | 11-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനിത.സി.പി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.ഗീത.കെ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സുധീർ.കെ.പി, | സെക്രട്ടറി | 01-04-2020 | 02-11-2020 |
| ശ്രീ.വിനോദൻ.എം, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-11-2020 | 07-11-2020 |
| ശ്രീ.ഉമേഷ് ബാബു കോട്ടായി,സീനിയർ സുപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-11-2020 | 30-11-2020 |
| ശ്രീ.സുധീർ.കെ.പി | സെക്രട്ടറി | 01-12-2020 | 15-01-2021 |
| ശ്രീ.വിനോദൻ.എം, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2021 | 25-02-2021 |
| ശ്രീ.അനിൽ കുമാർ.എം, ജൂനിയർ സുപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2021 | 10-03-2021 |
| ശ്രീ.സാഗർ.എൻ.കെ,ഹെഡ് ക്ലർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഹൃദ്യ.വി.രജീന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 06-10-2020 |
| ശ്രീമതി.ബിനിത.കെ.എൻ | കൃഷി ഓഫീസർ | 07-10-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് സാജിദ് തൈക്കണ്ടി | വി.ഇ.ഒ (പാതിരിയാട്) | 01-04-2020 | 31-03-2021 |
| ശ്രീമതി.ലിന്ന.ടി.പി | വി.ഇ.ഒ (പടുവിലായി) | 01-04-2020 | 31-03-2021 |
| ഡോ.ആതിര.ജെ.എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.മംഗള ലക്ഷ്മണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 20-02-2021 |
| | | 21-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.തുഷാര.പി.സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | | |
| ഡോ.എസ്.രവിപ്രസാദ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.റംല കക്കുമ്പ്രത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അശ്വതി.കെ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീമതി. പ്രവീണ | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ.റിജുൽ | സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

ശ്രീ.ഉമേഷ് ബാബു കോട്ടായി, സെക്രട്ടറി-ഇൻ-ചാർജ് (30-11-2020 വരെ), ശ്രീ.സുധീർ.കെ.പി,സെക്രട്ടറി(01-12-2020 മുതൽ), ശ്രീമതി.ദിവ്യ.ടി.പി,അസിസ്റ്റന്റ് എഞ്ചിനീയർ , ശ്രീമതി.ബിനിത.കെ.എൻ,കൃഷി ഓഫീസർ എന്നിവരടങ്ങിയ ഭരണ നിർവഹണ സമിതിയാണ് 12-11-2020 മുതൽ 29-12-2020 വരെ ഭരണ നിർവഹണം നടത്തിയിരുന്നത്. 08-11-2020 മുതൽ 09-11-2020 വരെയും 26-02-2021 മുതൽ 28-02-2021 വരെയും സെക്രട്ടറി തസ്തിക ഒഴിവ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 14-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Sreeja.K (Auditor, On 09-02-2022)<br>Last Updated By: Sreeja.K (Auditor, On 09-02-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreeja.K (Auditor, On 08-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 09-02-2022)<br>Last Updated By: P.S.Sabu (Deputy Director, On 04-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreeja.K (Auditor, On 08-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-9 |
| 11 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sreeja.K (Auditor, On 11-02-2022)<br>Last Updated By: P.S.Sabu (Deputy Director, On 04-05-2022) | 1-10 |
| 12 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല<br>Written By: Sreeja.K (Auditor, On 11-02-2022)<br>Last Updated By: P.S.Sabu (Deputy Director, On 04-05-2022) | 1-11 |
| 13 | വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 1-12 |
| 14 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 14-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 15-02-2022) | 1-13 |
| 15 | ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള ₹552112 ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Pradeep Kumar M (Audit Officer, On 14-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-14 |
| 16 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-15 |
| 17 | പഞ്ചായത്ത് വാഹനം പരിപാലനത്തിലെ അപാകങ്ങൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 13-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 15-02-2022) | 1-16 |

| | | |
|---|---|---|
| 18 | ജലജീവൻ മിഷൻ പദ്ധതി - പുരോഗതി റിപ്പോർട്ടും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-17 |
| 19 | ഐ).കെ.എം ന് അടക്കേണ്ട വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 12-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 15-02-2022) | 1-18 |
| 20 | കാർഷിക പദ്ധതികൾ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹251593 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-19 |
| 21 | കൃഷി പദ്ധതി മോണിട്ടറിംഗ് നടക്കുന്നില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 1-20 |
| 22 | പി.എച്ച്.സി ₹69336ന്റെ മരുന്ന് ലഭ്യമായില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-21 |
| 23 | നിർവ്വഹണഉദ്യോഗസ്ഥൻ രണ്ട് ക്യാഷ്ബുക്ക് സൂക്ഷിക്കുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-22 |
| 24 | പാലിന് സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹2,81,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar M (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-23 |
| 25 | ഹരിത കർമസേനക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് - പ്രൊജക്റ്റ് - അപാകങ്ങൾ<br>Written By: Albert Jose (Senior Grade Auditor, On 14-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 1-24 |
| 26 | പ്രവൃത്തിപൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല<br>Written By: Pradeep Kumar M (Audit Officer, On 14-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 09-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreeja.K (Auditor, On 11-02-2022)<br>Last Updated By: Sreeja.K (Auditor, On 13-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 12-02-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Sreeja.K (Auditor, On 06-02-2022)<br>Last Updated By: Sreeja.K (Auditor, On 06-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sreeja.K (Auditor, On 06-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreeja.K (Auditor, On 11-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 13-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 13-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 12-02-2022)<br>Last Updated By: Pradeep Kumar M (Audit Officer, On 12-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 15-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 04-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 13-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 27-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-2020 തീയതിയിലെ 01/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹1,66,51,632 |
| വരവ് | ₹19,62,80,500 |
| ആകെ | ₹21,29,32,132 |
| ചെലവ് | ₹19,93,92,400 |
| നീക്കിയിരിപ്പ് | ₹1,35,39,732 |

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 19-5-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1.2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശിക 1018067 രൂപയാണ്. എന്നാൽ 2020-21 ലെ സഞ്ചയ ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം 1690596രൂപ ഈ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

2. ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക (RP-36)പ്രകാരമുള്ള തുകയും(256522) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (255865) പൊരുത്തപ്പെടുന്നില്ല.

3.തൊഴിൽ നികുതി ട്രേഡേഴ്സ്,ബിൽഡിംഗ് പെർമിറ്റ് ,വാടക എന്നീ രജിസ്റ്ററുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4-ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ച തുകയായി 112759 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി ചേർത്തിരിക്കുന്ന തുക 408616 രൂപയാണ്.

5-B-11 ഷെഡ്യൂളിനനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6-B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350300103 ൽ 22345രൂപ നീക്കിയിരിപ്പുണ്ട്.സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

7.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ ലൈസൻസ് ഫീ ഇനത്തിൽ 282200 രൂപ മുൻകൂർ ആയി ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

8.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി,തൊഴിൽ നികുതി,ലൈസൻസ് ഫീ എന്നീ ഇനങ്ങളിൽൽകുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം58(4)എച്ച് എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. 3മാസ സമയ പരിധി പിന്നിട്ടിട്ടും പണമാക്കാതെ കാലഹരണപ്പെട്ട ചെക്കുകൾ പൂർണ്ണമായും Stale Cheque ബാധ്യതാശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

10.കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുക കാലികമാക്കാതെ ഒരേ തുക(48692508) തന്നെയാണ് എല്ലാ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

11.വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 16832 രൂപ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യാക്കിയിട്ടില്ല.

12.ബി 4 ഷെഡ്യൂൾ പ്രകാരം (Code 320100299) നീക്കിയിരിപ്പായി രേഖപ്പെടുത്തിയ 108827രൂപ ഏത് ഗ്രാന്റാണെന്ന് വ്യക്തമല്ല.

13. അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ എന്ന പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് നൽകിയ 15571 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ തുക B- 18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16639008.48 |
| വരവ് | 90801505 |
| ആകെ | 107440513.48 |
| ചെലവ് | 97161584 |
| നീക്കിയിരിപ്പ് | 10278929.48 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 532593 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19320114 | 19320114 | 18136757 | 1183357 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1455750 | 1455750 | 1455750 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 11120000 | 11120000 | 10482531 | 637469 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5765000 | 5765000 | 4641510 | 1123490 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 15946000 | 15946000 | 12036231 | 3909769 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 6930000 | 6930000 | 2975846 | 3954154 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 768668 | 1682257 | 2450925 | 2000000 | 450925 |
| എം പി ഫണ്ട് | 71 | 1 | 72 | 0 | 72 |
| ടി എസ് സി | 95200 | 0 | 95200 | 0 | 95200 |
| പൈക്ക | 12624 | 347 | 12971 | 0 | 12971 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി യവർക്കുള്ള ബോണസ് | 0 | 67000 | 67000 | 67000 | 0 |
| എം എൻ ആർ ഇ ജി എസ് | 1099.48 | 25219552 | 25220651.48 | 25217640 | 3011.48 |
| പ്രത്യേകോദ്ദേശ്യഗ്രാന്റ് | 108249 | 578 | 108827 | 0 | 108827 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 95186 | 3603 | 98789 | 0 | 98789 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1258515 | 3832161 | 5090676 | 3670719 | 1419957 |
| കുടുംബശ്രീ -ബഡ്സ് സ്കൂൾ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം | 0 | 200000 | 200000 | 0 | 200000 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 0 | 1332074 | 1332074 | 545324 | 786750 |
| അംഗൻവാടികളിൽ | 0 | 81000 | 81000 | 0 | 81000 |

| | | | | | |
|---|---|---|---|---|---|
| നെയിംബോർഡ് | | | | | |
| കില ട്രയിനിംഗ് | 0 | 12315 | 12315 | 0 | 12315 |
| തെരഞ്ഞെടുപ്പ് ചെലവ് | 0 | 61500 | 61500 | 61500 | 0 |
| വിമുക്തി | 37500 | 0 | 37500 | 0 | 37500 |

2020-21 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് സമർപ്പിച്ചിട്ടുണ്ട്.ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ ഇനം തിരിച്ചുള്ള വരവ്, ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 10,25,06,660 | 155 | 6,98,65,498 | 34 | 22 | 68 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 13 | 63,65,667 | 47,60,048 | 75 |
| വെറ്റിനറി സർജ്ജൻ | 3 | 3 | 17,85,000 | 13,85,000 | 78 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 6 | 6 | 26,83,082 | 16,02,518 | 60 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 9,00,000 | 9,00,000 | 100 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 2 | 2 | 35,49,000 | 4,04,584 | 11 |
| വി.ഇ.ഒ (പാതിരിയാട്) | 12 | 11 | 56,71,787 | 36,33,915 | 64 |
| വി.ഇ.ഒ (പടുവിലായി) | 15 | 13 | 98,85,568 | 77,15,539 | 78 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 84,58,350 | 78,26,565 | 93 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 16,81,000 | 8,80,600 | 52 |
| സെക്രട്ടറി | 31 | 27 | 1,64,30,910 | 80,94,994 | 49 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 63 | 4,19,32,067 | 3,07,65,836 | 73 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 9 | 3164229 | 1895899 | 60 |
| ആകെ | 177 | 155 | 10,25,06,660 | 6,98,65,498 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1099.48 | 991499 | 992598.48 | 989587 | 3011.48 |
| ഗുണഭോക്താകൾക്ക് | 0 | 24228053 | 24228053 | 24228053 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| | 1099.48 | 25219552 | 25220651.48 | 25217640 | 3011.48 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 95,09,700 | 11 |
| വിധവാപെൻഷൻ | 2,21,49,000 | 75 |
| വാർദ്ധക്യകാലപെൻഷൻ | 3,87,66,800 | 477 |
| വികലാംഗപെൻഷൻ | 78,56,700 | 15 |
| അവിവാഹിത പെൻഷൻ | 46,48,100 | 19 |
| വിവാഹ ധനസഹായം | 4,80,000 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-02-2020തീയതിയിൽ 2.50 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12877 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പൊതുവായ പ്രവർത്തനവും നികുതി പിരിവ് പുരോഗതിയും വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്. രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. തൊഴിൽ നികുതി ട്രേഡ്സ്,ബിൽഡിംഗ് പെർമിറ്റ് ,വാടക എന്നീ രജിസ്റ്ററുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മിനട്സുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നതായി കാണുന്നില്ല.

## 1-10 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | അരവളത്തിൽ രവീന്ദ്രൻ | 21/3 | പോപ്പുലർ ഫർണിച്ചർ | 3 |
| 2 | അബ്ദുൾ ഹമീദ് എം പി | 21/1263 A,163A1 | ഡെയ് ലി മാർട്ട് ഹൈപ്പർ മാർക്കറ്റ് | 15 |
| 3 | വി പി സുധീർ കുമാർ | 13/734 | വെങ്കിലാട്ട് ടെക്സ്റ്റയിൽസ് | 3 |
| 4 | സ്മിത എം സി | 9/333A | ഒമേഗ ഇന്നവേഷൻസ് | 5 |

| | | | | |
|---|---|---|---|---|
| | | | ഫർണിച്ചർ | |
| 5 | സുരേശൻ ഐ | 6/21A | പൊന്ന ഫർണിച്ചർ | 3 |
| 6 | ചന്ദ്രൻ ഇ | 21/24A | അഞ്ചരക്കണ്ടി സ്റ്റീൽ ഏജൻസീസ് | 2 |
| 7 | പ്രവീൺ രാജ് | 13/780,781,782,783,784 | സ്റ്റീൽ ഏന്റ് സിമന്റ് ഹൗസ് | 2 |
| 8 | പ്രവീൺ രാജ് | 13/897 To 908 | സ്റ്റീൽ ഏന്റ് സിമന്റ് ഹൗസ് | 2 |
| 9 | പി പ്രശാന്ത് | 13/852,853 | എച്ച് സി മെഡിക്കൽ ലാബ് | 2 |
| 10 | നിഷീദ് കെ | 20/21 B | സിൽവർ ഷൈൻ ഫിറ്റിംഗ്സ് | 6 |
| 11 | അഷ്റഫ് കെ വി | 2/68B | സൂപ്പർ മാർക്കറ്റ് | 3 |
| 12 | റിജീഷ് കെ സി | 11/533A | ഭാഗ്യ ഫ്യുവൽസ് | 8 |
| 13 | അഫ്സൽ എ ടി | 21/111,112,113 | ഹോം ഡെക്കർ | 2 |
| 14 | എൻ ഭാസ്കരൻ | 13/626 | എൻ ബി സ്റ്റോർസ് | 4 |
| 15 | റഷീദ് പി | 4/231A | ഡെയ് ലി ഫ്രഷ് | 3 |
| 16 | ഡിപിൻ പവിത്രൻ | 3/491 A | ഹെൽത്ത് സപ്പോർട്ട് റിഹാബിലിറ്റേഷൻ സെന്റർ | 5 |
| 17 | റെജു മാണിയത്ത് | 11/89 | ഗ്ലയിസ് അലുമിനിയം സ്റ്റീൽ ഫാബ്രിക്കേഷൻ | 3 |
| 18 | ശരത്ത് സി | 5/446 | മോഡേൺ ഗാർമെന്റ്സ് | 4 |
| 19 | പി മാധവൻ | 13/598 | മമ്പറം വുഡ് ഇന്റസ്ട്രീസ് | 7 |
| 20 | ജോമി പൊന്നമ്പത്ത് | 14/311E | ജാസ് അഗ്രോ ഫുഡ് പ്രൊഡക്ട്സ് | 6 |
| 21 | സുധാകരൻ കെ | 13/366 A,B,C | സായി ആശ്രയ മെഡിക്കൽസ് ഏന്റ് ക്ലിനിക്ക് | 2 |
| 22 | ശേഖരൻ കെ | 10/297 | കാരയിൽ വുഡ് ഇന്റസ്ട്രീസ് | 5 |
| 23 | ശേഖരൻ കെ | 9/389 | കാരയിൽ മെറ്റൽ ഇന്റസ്ട്രീസ് | 2 |
| 24 | ടി പി അശോകൻ | 4/353 B | വേങ്ങാട് ഫ്യൂവൽസ് | 5 |
| 25 | രഘുനാഥൻ | 21/963 | റാംസൺ ഓയിൽ &ഫ്ലോർ മില്ല് | 2 |
| 26 | വസന്തകുമാർ പി എ | 10/297B | മിസ്റ്റർ ബേക്കർ മിനി മാർട്ട് | 7 |
| 27 | ബാലകൃഷ്ണൻ എം | 6/195 | ബ്ലൂ സ്റ്റാർ ഫ്ലോർമില്ല് | 2 |
| 28 | രാധാകൃഷ്ണൻ എം | 6/266C | ഡീ ഫൈബറിംഗ് യൂനിറ്റ് | 7 |

2- തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധവർഷം | രജിസ്റ്ററിൽ ചേർത്ത ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ടെലഫോൺ എക്സ്ചേഞ്ച്, മമ്പറം | I & II | 7 |
| 2 | ടെലഫോൺ എക്സ്ചേഞ്ച്, വേങ്ങാട് | II | 7 |
| 3 | ഇന്ദിരഗാന്ധി പബ്ലിക്ക് സ്കൂൾ മമ്പറം | I & II | 137 |
| 4 | പാച്ചപൊയ്ക പോസ്റ്റ് ഓഫീസ് | I & II | 1 |
| 5 | മൈലാടി കള്ള്ഷാപ്പ് | II | 7 |
| 6 | നിർമൽ പെട്രോൾ പമ്പ് | II | 10 |
| 7 | കെ ആർ ഗ്യാസ് സർവ്വീസ് | I & II | 6 |
| 8 | റേഷൻ ഷോപ്പ്, കുന്നിരിക്ക | I & II | 1 |
| 9 | റേഷൻ ഷോപ്പ്,മമ്പറം | II | 1 |
| 10 | റേഷൻ ഷോപ്പ്,ഓടക്കാട് | I & II | 1 |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 10/8-2-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി നോട്ടീസ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## <u>1-11 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പ് വരുത്തുന്നില്ല</u>

കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്ററർ പരിശോധിച്ചതിൽ 2015-16,2016-17 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻവേണ്ടി അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം., കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെയും വിസ്തീർണ്ണം | | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ചത് |
|---|---|---|---|---|---|---|
| | | | | നിലവിലുള്ളത് | പുതിയ നിർമ്മാണം | |
| 1 | 16/209 | പുതുക്കുടി ശ്രീജിൽ | A3 2186/15<br>23-4-18 | 123.47 | 98.59 | താഴത്തെ നില-116ച. മീ |
| 2 | 19/26 | കല്ലാട്ട് രവീന്ദ്രൻ | A3 2241/15<br>25-4-15 | 73.26 | 45.28 | താഴത്തെ നില-63.13ച. മീ |
| 3 | 16/395 | കൊട്ടാരത്തിൽ കുഞ്ഞിപ്പാത്തു | A3 2609/15<br>16-6-18 | 56.09 | 156.87 | താഴത്തെ നില-99.7ച. മീ<br>28.3 ച. മീ ഒന്നാം നില |
| 4 | 13/509 | കെ കെ പ്രദീപൻ | A3 2850/15<br>25-5-18 | 86.38 | 73.62 | താഴത്തെ നില-85.74ച. മീ |
| 5 | 9/76 | മഞ്ഞക്കാടൻ വസന്ത | A3 2850/15<br>25-5-18 | 118.67 | 53.84 | താഴത്തെ നില-115 ച. മീ |
| 6 | 11/560 | ശശികുമാർ ടികെ,റീന ടി പി | A3 329/16<br>15.2.19 | 97.44 | 72.04 | താഴത്തെ നില-84.16 ച. മീ<br>14.87ച. മീ ഒന്നാം നില |
| 8 | 5/508 | പട്ടൻ രവീന്ദ്രൻ | A3 362/16<br>2-2-19 | 126.05 | 74.24 | താഴത്തെ നില-119.5 ച. മീ |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/8-2-2022) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി നികുതി പുനർനിർണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച്

ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടന പരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 , സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 20-9-2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ നിലവിൽ ഇപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9 തീയതി 8-2-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019-ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 203506/- രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

## 1-14 ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള ₹552112 ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2015-16 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ കണക്ക് പ്രകാരം 2020-21 വർഷം വരെ ₹5,52,112 ഗ്രാമപഞ്ചായത്തിന് ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2015-16 | 71,850 |
| 2 | 2016-17 | 66,310 |
| 3 | 2017-18 | 99,220 |
| 4 | 2018-19 | 1,36,766 |
| 5 | 2019-20 | 80,361 |
| 6 | 2020-21 | 97,605 |

| | | |
|---|---|---|
| | ആകെ | 5,52,112 |

ഗ്രാമപഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/09-02-2022) തുക തിരികെ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കിയ കത്തിന്, ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുകയുടെ വിവര ശേഖരണം നടത്താൻ ജീവനക്കാരെ നിയോഗിക്കണമെന്ന് മറുപടി ലഭിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയുടെ തിരക്കായതിനാൽ മാർച്ച് 31 ന് ശേഷം ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹552112 ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

വേങ്ങാട് ഗ്രാമപഞ്ചായത്തിലെ 2020 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ മരണപ്പെട്ടതിനുശേഷവും ചില വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണ വിവരങ്ങൾ |
|---|---|---|---|---|
| രാജു എം | 263246948450 | 111620202179 | 13.06.20 | 12/2021വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.1/22ന് ബാങ്കിന് കൈമാറി |
| വേലായുധൻ പി | 924933193925 | 111620200568 | 30-06-20 | 10/2021വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| അച്യുതൻ ടി | 860787603637 | 111620201980 | 01-07-20 | 11/2021വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| കെ.ഒ.കാർത്ത്യായനി | 966255960229 | 111620100671 | 14-07-20 | 12/21 വരെ കാർഷികതൊഴിലാളി പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചു. 01/22ന് തുക ബാങ്കിന് കൈമാറി |
| ദേവകി എ | 796593906863 | 111620600727 | 04-07-20 | 01/21വരെ വിധവാപെൻഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചു.12/21വരെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല.01/22ന് തുക സഹകരണബാങ്കിന് കൈമാറി |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും, പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് 11.02.22ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9ന് എൻക്വയറിയിൽ പരാമർശിച്ചവരുടെ പേരുകൾ അടുത്ത ക്ഷേമകാര്യസ്റ്റാൻഡിങ് കമ്മിറ്റിയിൽ സമർപ്പിച്ച് റദ്ദ് ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എൻക്വയറിയിൽ പരാമർശിച്ചത് പരിശോധനയിൽ കണ്ട ചില ഉദാഹരണങ്ങൾ മാത്രമാണ്. മരണശേഷവും പെൻഷൻ കൈപ്പറ്റുന്ന മുഴുവൻ അക്കൗണ്ടുടമകളെയും കണ്ടെത്തി പട്ടികയിൽ നിന്നും നീക്കം ചെയ്യേണ്ടതും, മരണപ്പെട്ടതിന് ശേഷം കൈമാറിയ തുക തിരികെ അടവാക്കേണ്ടതുമാണ്.

## 1-16 പഞ്ചായത്ത് വാഹനം പരിപാലനത്തിലെ അപാകങ്ങൾ

ജി.ഒ(എം എസ്)/170/07/തസ്വഭവ/30-06-07, സർക്കുലർ നമ്പർ 41/2008/ധനം 02-08-2008 എന്നിവ പ്രകാരം

ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ഇത് സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന് ഇപ്രകാരം ഇന്ധനക്ഷമതാടെസ്റ്റ് നടത്തിയിട്ടില്ല. വാഹനത്തിന്റെ തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള ഒരു സംക്ഷിപ്തം ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. ആയത് രേഖപ്പെടുത്തുന്നില്ല. വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും വാഹന ഉപയോഗത്തെ സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-17 ജലജീവൻ മിഷൻ പദ്ധതി - പുരോഗതി റിപ്പോർട്ടും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 255/21 ജലജീവൻമിഷൻ പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ |
| അടങ്കൽ | ₹1845000 കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹1845000 ബിൽ നമ്പർ /തിയതി : 20220452008001397311/27.03.21 |

ജലജീവൻമിഷൻ പദ്ധതി ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ എന്ന മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുജനങ്ങൾക്ക് കുടിവെള്ളകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി ₹1845000 കേരള വാട്ടർ അതോറിറ്റിയുടെ 00000067119741187നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. മേൽ പ്രോജക്ട് വഴി ഗ്രാമപഞ്ചായത്തിൽ 5846 കുടിവെള്ള കണക്ഷനുകൾ നൽകുമെന്നാണ് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കണ്ണൂരിന്റെ 12.03.21ലെ A2/2538/21 നമ്പർ കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ തുകയുടെ വിനിയോഗവിവരങ്ങളും പദ്ധതി പുരോഗതി വിവരവും അറിയിക്കാൻ 07-02-2022ലെ ഓഡിറ്റ് എൻക്വയറി നമ്പർ 6 മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി നിലവിൽ 4200ഓളം കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയെങ്കിലും മറുപടി ഒന്നും ലഭിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ പുരോഗതി വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 1-18 ഐ.കെ.എം ന് അടക്കേണ്ട വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 6/21 ഐ.കെ.എം ന് അടക്കേണ്ട വിഹിതം |
| അടങ്കൽ | ₹54,000 വികസന ഫണ്ട് |
| ചെലവ് | ₹54,000 ബിൽ നമ്പർ /തിയതി : 20220452008000588351/06.10.20 |

2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് വിഹിതമായി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയ ₹54000 യുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 കാർഷിക പദ്ധതികൾ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹251593 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 150/21തെങ്ങ് കൃഷിക്ക് ജൈവവളം, കുമ്മായം വിതരണം | 153/21കാർഷിക സ്വയംപര്യാപ്ത ഗ്രാമം |

| | | |
|---|---|---|
| അടങ്കൽ | ₹126793 വികസന ഫണ്ട് | ₹125000 വികസന ഫണ്ട് |
| ചെലവ് | ₹126793 | ₹124800 |
| ബിൽ നമ്പരും തീയ്യതിയും | BRN 20220452008100029047 12.04.2020 | BRN 20220452008100029043 12.04.2020 |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 150/21 തെങ്ങ് കൃഷിക്ക് ജൈവവളം കുമ്മായം വിതരണം എന്ന പദ്ധതിക്ക് ചെലവഴിച്ച ₹126793ന്റേയും 153/21കാർഷികസ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതിക്ക് ചെലവഴിച്ച ₹124800ന്റേയും ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് 10.02.22ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ₹251593 (126793 + 124800) ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കൃഷി പദ്ധതി മോണിട്ടറിംഗ് നടക്കുന്നില്ല

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 15 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 13പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നെൽകൃഷി, പച്ചക്കറികൃഷി, വാഴകൃഷി, ഇടവിളകൃഷി എന്നിവയുടെ പ്രോത്സാഹനത്തിന് സഹായിക്കുന്ന പദ്ധതികളോടൊപ്പം തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും തൻവർഷം നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല .സ.ഉ. (കൈ)നം.11/2018 /ത.സ്വ.ഭ.വ./.29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്.

## 1-21 പി.എച്ച്.സി ₹69336ന്റെ മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 252/21 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹99997<br>BRN20220452008501265453/16.03.21<br>₹100000<br>BRN20220452008500624976/15.10.20<br>ആകെ – ₹ 199997 |

പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽപദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹1,96,199 KMSCLന് കൈമാറിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രോഫോർമ ഇൻവോയ്സ് നമ്പർ5565/19.02.21ന്റെ അടിസ്ഥാനത്തിൽ ₹96199 KMSCLന് കൈമാറിയതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ,തീയ്യതി | ₹തുക |
|---|---|---|
| 1 | 8125/29.10.21 | 10,425 |
| 2 | 8128/29.10.21 | 5544 |
| 3 | 10411/24.12.21 | 26,915 |
| | ആകെ | 42884 |

₹96199-₹42884=₹53315ന്റെ മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്.

2.പ്രോഫോർമ ഇൻവോയ്സ് നമ്പർ2853/09.10.20ന്റെ അടിസ്ഥാനത്തിൽ ₹100000 KMSCLന് കൈമാറിയതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ട്

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ,തീയ്യതി | ₹തുക |
|---|---|---|
| 1 | 8438/01.12.20 | 22792 |
| 2 | 2034/01.12.20 | 24166 |

| | | |
|---|---|---|
| 3 | 2035/01.12.20 | 10493 |
| 4 | 30303/12.02.21 | 15917 |
| 5 | 4134/28.07.21 | 7192 |
| 6 | 4130/28.07.21 | 3419 |
| | ആകെ | 83979 |

₹100000-₹83979=₹16021ന്റെ മരുന്നുകൾ ലഭിച്ചിട്ടില്ല.

ആകെ ₹ 199997 മരുന്ന് വാങ്ങാൻ ചെലവഴിച്ചതിൽ KMSCL ൽ നിന്ന് മരുന്ന് വാങ്ങുന്നതിന് നൽകിയ ₹ 1,96,199 ൽ 69336 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. ഇത് എത്രയും പെട്ടെന്ന് ലഭിക്കാനുള്ള നടപടി കൈക്കൊള്ളുകയും മുഴുവൻ മരുന്നുകളും ലഭിച്ച എന്നുറപ്പുവരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-22 നിർവ്വഹണഉദ്യോഗസ്ഥൻ രണ്ട് ക്യാഷ്ബുക്ക് സൂക്ഷിക്കുന്നു.

ജി ഒ(പി) നം 177/2006/ഫിൻ, തീയതി-12.04.2006 ലെ ഖ-18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി ആർ 7-എ ഫോറത്തിലുള്ള ഒരു ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണമെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) ഡിപ്പാർട്ട്മെന്റ് ഫണ്ട് ചെലവ് രേഖപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവ് രേഖപ്പെടുത്തുന്നതിനും പ്രത്യേകം ടി ആർ 7-എ ക്യാഷ് ബുക്ക് തന്നെയാണ് ഉപയോഗിച്ച് വരുന്നത്. ഇപ്രകാരം രണ്ട് ക്യാഷ് ബുക്കുകൾ സൂക്ഷിക്കുന്നത് അനുവദനീയമല്ലാത്തതിനാൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ ക്യാഷ് ബുക്കും സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

## 1-23 പാലിന് സബ്സിഡി - രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹2,81,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പെക്ടർ |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 90/21 പാലിന് സബ്സിഡി |
| അടങ്കൽ | ₹2,81,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹1,00,000 ബ്ലോക്ക് പഞ്ചായത്ത്<br>₹1,00,000 ജില്ലാ പഞ്ചായത്ത്<br>₹4,81,000 |
| ചെലവ് | ₹2,81,000 , ബിൽനം-4/2020-21, 30-03-2021 |

കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ( ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ ), 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി കർഷകർക്ക് സബ്സിഡി അനുവദിക്കുക എന്നതായിരുന്നു മേൽ പ്രോജക്റ്റിന്റെ ലക്ഷ്യം. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 64 ക്ഷീര കർഷകർക്ക് മേൽ ബിൽ പ്രകാരം ₹2,81,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) പാതിരിയാട്,അഞ്ചരക്കണ്ടി ക്ഷീര സംഘം സെക്രട്ടറിമാർ നല്കിയ പാലളവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ 2020 ഏപ്രിൽ മുതൽ സപ്തംബർ മാസം വരെ അളന്ന പാലിന് ലിറ്ററിന് മൂന്ന് രൂപ നിരക്കിൽ ₹2,81,000 അനുവദിക്കുന്നു എന്നാണ് ഫയലിൽ സൂക്ഷിച്ച ഡയറി ഫാം ഇൻസ്പെക്ടറുടെ പ്രൊസീഡിങ്ങ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കർഷകർ ക്ഷീര സംഘത്തിൽ നല്കിയ പാലിന്റെ അളവ് രേഖപ്പെടുത്തിയ ക്ഷീര സംഘം സെക്രട്ടറിമാർ നല്കിയ പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) മേൽ പ്രോജക്റ്റിനായി വകയിരുത്തിയ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നും, ആയത് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമല്ല.

3) 4-02-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-2 (8) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ( ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ ) സബ്സിഡി അനുവദിക്കാവുന്നതാണ്. ക്ഷീര വികസന വകുപ്പിന്റെ വിഹിതം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/11-02-2022) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. പാലളവ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ കർഷകർക്ക് അനുവദിച്ച സബ്സിഡി യുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള ₹2,81,000 ടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ഹരിത കർമസേനക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് - പ്രൊജക്റ്റ് - അപാകങ്ങൾ

| | 1 | 2 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ ,പാതിരിയാട് സർക്കിൾ | വി ഇ ഒ ,പാതിരിയാട് സർക്കിൾ |
| പ്രോജക്ടിന്റെ നമ്പറും പേരും | 208 /21-ഹരിത കർമസേനക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് 6 മാസത്തേക്ക് ദീർഘിപ്പിച്ച നൽകുന്നതിനുള്ള പ്രൊജക്റ്റ് | 180/21 ഹരിത കേരള മിഷന് വയബിലിറ്റി ഗ്യാപ് ഫണ്ട് ( സ്പിൽ ഓവർ പ്രൊജക്ട് ) |
| അടങ്കൽ | ₹243600(തനത് ഫണ്ട് ) | ₹90000(വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹ 78739 (തനത് ഫണ്ട് )<br>ചെക്ക് നം, തീയതി 5959332/17-09-20 (₹ 22002)<br>ചെക്ക് നം, തീയതി 5959331/14-09-20 (₹ 20023)<br>ചെക്ക് നം, തീയതി 6734452/31-03-21 (₹ 36714) | ₹52950(വികസന ഫണ്ട് ജനറൽ )<br>BRN: 20220452008300464947/24-08-20 |

മേൽ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

മേൽ പ്രൊജക്ട് 208 /21 പ്രകാരം പഞ്ചായത്തിലെ 21 വാർഡുകളിലായുള്ള ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി 78739/- രൂപ നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പ്രൊജക്ട് 180/21 പ്രകാരം ₹52950 യും വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ് വസ്തുക്കൾ വിറ്റുകിട്ടുന്ന തുക , മറ്റിനങ്ങളുമായി ചേർത്ത് ഹരിത കർമസേനയ്ക്ക് ലഭിക്കേണ്ട പ്രതീക്ഷിത വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിക്കേണ്ടത്. ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ 78739/- രൂപയും ₹52950 യും അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ ബില്ല്, തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഹരിത കർമസേനയ്ക്ക് നിശ്ചയിച്ച പ്രതിമാസ വേതനം സംബന്ധിച്ച വിവരങ്ങൾ, ഹരിത കർമ്മ സേനയുടെ കമ്മിറ്റി മിനിട്സ്, ഓരോ വാർഡിൽ നിന്നും പിരിച്ചെടുത്ത യൂസർ ഫീ സംബന്ധിച്ച വിവരങ്ങൾ, കളക്ഷൻ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/11-02-2022) തൻ വർഷം കോവിഡ് മഹാമാരി കാരണം യൂസർ ഫീ ഇനത്തിൽ തുക കളക്ട് ചെയ്തിട്ടില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

## 1-25 പ്രവൃത്തിപൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 205/21 പി.എച്ച്.സി ക്ക് ഫീഡിങ്ങ് റൂം |
| അടങ്കൽ | ₹12,70,000 വികസന ഫണ്ട്(പൊതു വിഭാഗം) |
| | |

| | |
|---|---|
| ചെലവ് | ₹9,10,987 |
| ബിൽനം,തീയതി | 20220452010301433638,29-03-2021 |
| ആകെ പ്രവൃത്തി മൂല്യം | ₹813381 |
| കോൺട്രാക്ടർ | മനോഹരൻ.കെ |
| എം.ബുക്ക് .നം | 89/2019-20 |
| എഗ്രിമെന്റ് നം | AE/LSGD/VGD/23/2019-20 Dt. 11-12-2019 |
| പി.എ.സി | ₹957887 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 10-06-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 24-03-2021 |

എഗ്രിമെന്റ് പ്രകാരം അനുവദിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽ പ്രവൃത്തിപൂർത്തീകരിക്കാത്ത മേൽ പ്രവൃത്തിയുടെ തുക കരാറുകാരന് അനുവദിക്കുമ്പോൾ ആയതിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരന്റെ പിഴവ് കാരണം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. പട്ടികയിൽ പരാമർശിച്ച മേൽ പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരൻ ഇത്തരത്തിൽ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് അപേക്ഷ നൽകുകയോ, ചട്ടപ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. സർക്കുലർ നം. എസി.2/223/15/ തസ്വഭവ/18.8.2018 പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ആദ്യത്തെ 3 മാസകാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-22/11-02-2022) മറുപടി നല്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 09-02-2022, 10-02-2022 | കെ.എസ്.എ/കെ.എൻ.ആർ/സി7/244/2022 തീ. 04-05-2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2020 വർഷം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 280/21<br>ഭവനനിർമാണം പട്ടികജാതി | 100000 | ഇല്ല |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 68000 | 3/21<br>പച്ചക്കറി കൃഷി വികസനം | 68000 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 40800 | 226/21<br>കരനെൽ കൃഷി വികസനം | 40800 | ഇല്ല |
| 4 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 212500 | 2/21<br>നെൽ കൃഷി വികസനം | 212500 | ഇല്ല |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 85000 | 152/21<br>പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 85000 | ഇല്ല |
| 6 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 199953 | 78/21<br>സ്നേഹസാന്ത്വനം പെയിൻ ഏന്റ് പാലിയേറ്റീവ് | 199953 | ഇല്ല |
| 7 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 300000 | 11/21<br>വീട് വാസയോഗ്യമാക്കൽ പട്ടികജാതി | 300000 | ഇല്ല |
| 8 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 400000 | 12/21<br>ശാരീരിക മാനസിക വൈകല്യം നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 400000 | ഇല്ല |
| 9 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1000000 | 269/21<br>ലൈഫ് ഫേസ് 3 ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് വീടും സ്ഥലവും | 1000000 | ഇല്ല |
| 10 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1500000 | 280/21<br>ലൈഫ് ഭവനനിർമാണം-പട്ടികജാതി | 1500000 | ഇല്ല |
| 11 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 140000 | 282/21<br>ലൈഫ് ഭവനനിർമാണം ഫിഷറീസ് | 140000 | ഇല്ല |
| 12 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 100000 | 166/21<br>എസ് സി വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്ക് സ്കോളർഷിപ്പ് | 100000 | ഇല്ല |
| 13 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 20000 | 277/21<br>വിശപ്പുരഹിത കേരളം ജനകീയ ഹോട്ടൽ | 20000 | ഇല്ല |
| 14 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 100000 | 90/21<br>പാലിന് സബ്സിഡി | 0 | 100000 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മുൻ വർഷം ലഭിച്ച തുകയിൽ 6500/- രൂപ സ്നേഹസാന്ത്വനം പെയിൻ & പാലിയേറ്റീവ് (183/21), 600000 രൂപ ലൈഫ് ഭവന പദ്ധതി(176/21),230000 രൂപ വീട് വാസയോഗ്യമാക്കൽ -ആശ്രയ(178/21) ,42813രൂപ ഗാർഹിക കുടിവെള്ള കണക്ഷൻ(241/21), എന്നീ പ്രൊജക്റ്റുകൾക്കായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നെൽകൃഷിക്ക് കൂലിചെലവും,നെൽവിത്ത് വിതരണവും (45/19) എന്ന പ്രൊജക്ടിനായി ലഭിച്ച തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള 85000 രൂപ തിരിച്ചടച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വിഹിതമായി മുൻ വർഷം ലഭിച്ച തുകയിൽ 1195632 രൂപ പാതിരിയാട് ഭൂരഹിത കോളനി എസ് സി സാംസ്കാരികനിലയം നിർമാണം(199/21) എന്ന പ്രൊജക്ടിനായി തൻവർഷം ചെലവഴിച്ചിട്ടുണ്ട്

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ നം./ചെക്ക് നം.തുക | മുൻകൂർ | ചെല | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | | നൽകിയ തുക | വഴിച്ച തുക | ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കേരളവാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ 54/21 | 20220452008001040909/ 05.02.21 | ₹15571 | -- | ₹15571 2020-21 സാമ്പത്തിക വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാംരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 18182820 |
| തൻവർഷം നിക്ഷേപിച്ച തുക | 7500000+ 1841864(പലിശ) |
| ആകെ | 27524684 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 27524684 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | വേങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് FD നമ്പർ 20870 | 11-7-21 | 773958 |
| 2 | വേങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് FD നമ്പർ 30525 | 6-5-21 | 5412500 |
| 3 | വേങ്ങാട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് FD നമ്പർ 24313 | 5-8-2021 | 4602555 |
| 4 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് FD നമ്പർ 445/2011-12 | 9-10-21 | 8843848 |
| 5 | കുന്നിരിക്ക സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് FD നമ്പർ 0001104005864 | 18-3-22 | 7871823 |
| 6 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് | - | 20000 |

| | | | |
|---|---|---|---|
| | കോഓപ്പറേറ്റീവ് സൊസൈറ്റി സർട്ടിഫിക്കറ്റ് നം- 202 | | |
| | ആകെ | | 27524684 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹1750 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ/ തീയ്യതി |
|---|---|---|---|---|
| 2018-19 | 1-12 | 250 | രൂപ എ | 120160102952/28-10-2020 |
| 2017-18 | 3-9 | 500 | വിനോദ് കെ സി | 120160102632/20-10-2020 |
| 2017-18 | 3-9 | 1000 | ലിന്നി എം പി | 120160102987/30-10-2020 |
| ആകെ | | 1750 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 58 | 2003-04 | 3-13-17 | പൊതു പരാമർശം | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2012-13 | 3-3-6-19 | പൊതു ശൗചാലയങ്ങളും ആരോഗ്യ പ്രശ്നങ്ങളും | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-6 | മണൽ വില്പനയിൽ നിന്നും വരവ്- ചെലവ് | തുടരുന്നു |
| വിഷയാധിഷ്ഠിത അവലോകനം | | 2014-15 | 4-2-10 | മണൽ പാസ് വിതരണ ത്തിലെ അപാകങ്ങൾ | തുടരുന്നു |
| വിഷയാ ധിഷ്ഠിത അവലോകനം | | 2014-15 | 4-2-13 | കടത്ത് കമ്മറ്റി കൺവീനർ സ്വകാര്യ വ്യക്തി | തുടരുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹90801505 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹97161584 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹532593 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 251593 | ശ്രീമതി.ഹൃദ്യ.വി.രജീന്ദ്രൻ, കൃഷി ഓഫീസർ |
| 1-23 | 281000 | ശ്രീമതി. പ്രവീണ എ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 532593 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഹൃദ്യ.വി.രജീന്ദ്രൻ, കൃഷി ഓഫീസർ | | ഹിമഗിരി, മാവേലിക്കര(പി.ഒ) കോട്ടയം |
| ശ്രീമതി. പ്രവീണ. എ , ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ഡയറി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, കുത്തുപറമ്പ | കുഞ്ഞിപ്പറമ്പത്ത് ഹൗസ്, മൂതിയങ്ങ പി.ഒ, കുത്തുപറമ്പ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 2 |
| 1999-2000 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 6 |
| 2000-2001 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 4 |
| 2001-02 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019 തീയതി, 17-7-19 | 2 |

| | | |
|---|---|---|
| 2003-04 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 15 |
| 2004-05 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 23 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ.<br>സി 7/842/2019<br>തീയതി, 17-7-19 | 12 |
| 2006-07 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 10 |
| 2007-08 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 9 |
| 2008-09<br>2009-10<br>2010-11 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 23 |
| 2011-12<br>2012-13 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 18 |
| 2013-14<br>2014-15 | നം. കെ.എസ്.എ.കെ. എൻ.ആർ .സി 7/842/2019<br>തീയതി, 17-7-19 | 16 |
| 2015-16 | എൽ.എഫ്. കെ.എൻ.ആർ സി.9/2241/2016 തീയതി,<br>01-02-2017 | 7 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/.സി.7/ 1866/2018<br>തീയതി 5.3.2019 | 3 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ.സി.7/2108/<br>2018തീയതി, 29-6-2019 | 7 |
| 2018-19 | കെ.എസ്.എ.കെ.എൻ.ആർ.സി.7/956/<br>2020 തീയതി - 15.12.2020 | 19 |
| 2019-20 | കെ.എസ്.എ.കെ.എൻ.ആർ.സി.7/453/<br>2021 തീയതി - 20.05.2021 | 25 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Anex 3-1

# RECEIPT & PAYMENT STATEMENT

| | | | |
|---|---|---|---|
| | **Vengad Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 16639008.48 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1746440.00 |
| 140000000 | Fees & User Charges | RP-4 | 1153098.00 |
| 150000000 | Sale & Hire Charges | RP-5 | 39671.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70542505.00 |
| 171000000 | Interest Earned | RP-9 | 289770.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8936550.00 |
| 350000000 | Other Liabilities | RP-36 | 379623.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 106230.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 250.00 |
| 311000000 | Earmarked Funds | RP-29 | 925.00 |
| 340000000 | Deposits Received | RP-34 | 173000.00 |
| 350000000 | Other Liabilities | RP-36 | 460224.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6964219.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | **Grand total** | | **107440513.48** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2583846.00 |
| 220000000 | Administrative Expenses | RP-12 | 817115.00 |
| 230000000 | Operations & Maintenance | RP-13 | 1569251.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7539447.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24086564.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1365154.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3254911.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 547000.00 |

| | | | |
|---|---|---|---|
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 10840223.00 |
| | | | |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1841895.00 |
| 280000000 | Prior Period item | RP-26 | -102.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 85000.00 |
| 350000000 | Other Liabilities | RP-36 | 9714996.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 7520.00 |
| 280000000 | Prior Period Item | RP-26 | -22000.00 |
| 340000000 | Deposits Received | RP-34 | 74251.00 |
| 350000000 | Other Liabilities | RP-36 | 1912524.00 |
| 410000000 | Fixed Assets | RP-38 | 16134196.00 |
| 412000000 | Capital work in Progress | RP-40 | 15571.00 |
| 420000000 | Investments | RP-41 | 7500000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5957044.00 |
| 460000000 | Loans, Advances and Deposits | RP-47 | 1337178.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 10278929.48 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **107440513.48** |

## Anex 3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| **Vengad Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8097556.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 739056.00 |
| 140000000 | Fee & User Charges | I-4(b) | 1979386.00 |
| 150000000 | Sale & Hire Charges | I-5(b) | 39671.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 188842794.00 |
| 170000000 | Income from Investments | I-7 | 1841864.00 |
| 171000000 | Interest Earned | I-8 | 289770.00 |
| 180000000 | Other Income | I-9 | 62250.00 |
| | **Total Income** | | **201892347.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 11449359.00 |
| 220000000 | Administrative Expenses | I-11(b) | 1175987.00 |
| 230000000 | Operations & Maintenance | I-12(b) | 1888186.00 |
| 240000000 | Interest & Finance Charges | I-13 | 7520.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7539447.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52331567.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2603893.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3254911.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 83477300.00 |
| 255000000 | Maintenance Projects | I-14(e) | 10840223.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1841895.00 |
| 270000000 | Provisions and Write off | I-16 | 102500.00 |
| 272000000 | Depreciation | I-17(a) | 12558975.00 |
| | **Total Expenditure** | | **189071763.00** |
| | **Gross Surplus/ Deficit of income over Expenditure** | | **12820584.00** |
| 280000000 | Prior Period Item | I-18 | -389342.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **13209926.00** |
| 29000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex 3-3

## BALANCE SHEET

| Vengad Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 46516944.00 |
| | | | |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 25377.00 |
| 312000000 | Reserves | B-3 | 48692508.00 |
| | **Total Reserve & Surplus** | | **95234829.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6114950.48 |
| | **Total Grants, Contributions for Specific Purposes** | | **6114950.48** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 566927.51 |
| 350000000 | Other Liabilities | B-9 | 2620399.27 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3187326.78** |
| | **TOTAL LIABILITIES** | | **104537106.26** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 119493684.00 |
| 411000000 | Accumulated Depreciation | B-11 | -60584533.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **58909151.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 27524684.00 |
| | **Total Investments** | | **27524684.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7352772.78 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 10278929.48 |
| 460000000 | Loans, Advances and Deposits | B-18 | 471569.00 |
| | **Total Current Assets, Loans and Advances** | | **18103271.26** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **104537106.26ർ** |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.